"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ബിജി.എസ്. ആനന്ദ് ബഹു:ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No.1244/2024-ന്മേലുള്ള ബഹു:ട്രിബ്യൂണലിന്റെ 24.10.2024-ലെ ഇടക്കാല ഉത്തരവ് അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.92/2025/H&FWD  തീയതി,തിരുവനന്തപുരം, 15-01-2025

---

പരാമർശം:-

1. ഡോ.ബിജി എസ്. ആനന്ദ് ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച 20.08.2024 തീയതിയായ നിവേദനം (Annexure-A9).
2. ബഹു:ട്രിബ്യൂണലിന്റെ OA (EKM) No.1244/2024-ന്മേലുള്ള 24.10.2024-ലെ ഇടക്കാല ഉത്തരവ്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 11.11.2024-ലെ ഇ.ബി1-21631/2024/ആ.വ.ഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലാ ആശുപത്രിയിൽ നിന്നും എറണാകുളം ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റിയതിനെതിരെ നിലവിൽ എറണാകുളം ജനറൽ ആശുപത്രിയിൽ ജനറൽ മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടന്റായി ജോലി ചെയ്തു വരുന്ന ഡോ.ബിജി എസ്.ആനന്ദ് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA (EKM) No.1244/2024 ഫയൽ ചെയ്തു. ഡോ.ബിജി എസ്. ആനന്ദ് ആരോഗ്യ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച പരാമർശം (1) നിവേദനം (Annexure-A9) പരിശോധിച്ച്, ഉത്തരവ് കൈപ്പറ്റി ആറ് ആഴ്ച്ചയ്ക്കുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം (2) ഉത്തരവ് പ്രകാരം 1-ാാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് ബഹു:ട്രിബ്യൂണൽ നിർദ്ദേശം നൽകിയിരിക്കുന്നു.

2<u>) **Annexure- A9 അപേക്ഷയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:**</u>

a) 19.02.2019-ന് ഇടുക്കി ജില്ലാ ആശുപത്രിയിൽ നിന്നും കൊല്ലം ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചു. പാലക്കാട്, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം ജില്ലകളിൽ ജോലി ചെയ്തിട്ടുണ്ട്.

b)21.07.2020-ലെ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ നടപടിക്രമ പ്രകാരം കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലും, തുടർന്ന് മയ്യനാട് സാമൂഹികാരോഗ്യ കേന്ദ്രത്തിലും ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചു എങ്കിലും, ഈ നടപടിക്രമത്തിലെ ക്രമക്കേട് മനസ്സിലാക്കി ആരോഗ്യ വകുപ്പ് ഡയറക്ടർ ടി നിയമനം റദ്ദാക്കുകയും, 15.03.2022-ൽ കൊല്ലം ജില്ലാ ആശുപത്രിയിൽ തിരികെ പ്രവേശിക്കുകയും ചെയ്തിരുന്നു.

c)ഇപ്പോൾ 08.07.2024-ലെ സ.ഉ. (സാധാ) നം.1634/2024/ആകുവ പ്രകാരം എറണാകുളം ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയിരിക്കുന്നു. പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചതിനു ശേഷമാണ് സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചത്. കൊല്ലം ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചത് 15.03.2022-ന് ആയതിനാൽ ടി സ്റ്റേഷനിൽ 3 വർഷക്കാലയളവ് പൂർത്തിയാക്കിയിട്ടില്ല.

d)ജനറൽ മെഡിസിൻ വിഭാഗത്തിലെ ഏറ്റവും സീനിയറായ ഡോക്ടർ ആണ്. 57 വയസ്സുണ്ട്. ആരോഗ്യപരമായി നിരവധി പ്രശ്നങ്ങൾ ഉണ്ട്. ആയതിനാൽ കൊല്ലം ജില്ലാ ആശുപത്രിയിൽ നിയമനം അനുവദിക്കണം.

3)ഡോ. ബിജി.എസ്. ആനന്ദിന്റെ സേവന വിവരം പരിശോധിച്ചതിൽ നിന്നും ടിയാൻ 01/07/2012 മുതൽ 10/07/2024 വരെയുള്ള 12 വർഷ കാലയളവിനുള്ളിൽ 27/06/2015 മുതൽ 09/09/2015 വരെയുള്ള ചുരുങ്ങിയ കാലയളവ് ഒഴികെ കൊല്ലം ജില്ലാ ആശുപത്രിയിൽ തന്നെയാണ് സേവനമനുഷ്ഠിച്ചിട്ടുള്ളതായി കാണുന്നുവെന്നും, 27/06/2015 മുതൽ 09/09/2015 വരെ ഹരിപ്പാട് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ആണ് ജോലി ചെയ്തിട്ടുള്ളതെന്നും, കൊല്ലം ജില്ലാ ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ട് ആയിരുന്ന ഡോ.അജിത.വി.-യെ മാനസികമായി പീഡിപ്പിക്കുന്നതായുള്ള പരാതിയിൻമേൽ ടിയാനിൽ നിന്നും വിശദീകരണം ആവശ്യപ്പെടുകയും ആയതിന് ടിയാൻ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ ഡോ.അജിത.വി, ഡോ. ബിജി.എസ്. ആനന്ദ് എന്നിവരെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (എ&റ്റി) നേരിൽ കേൾക്കുകയും ഡോ.ബിജി.എസ്. ആനന്ദിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായതായി ബോധ്യപ്പെട്ടതിനാൽ ടിയാനെതിരെ കടുത്ത ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും ടിയാനെ കൊല്ലം ജില്ലാ ആശുപത്രിയിൽ നിന്നും സ്ഥലം മാറ്റണമെന്നും 15-05-2024-ലെ ഇ.സി 2- 24106/2023/ആ.വ.ഡ നമ്പർ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിരുന്നതായും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ, ഡ്യൂട്ടിയ്ക്ക് സമയത്തിന് ഹാജരാകാതിരിക്കുക, ആശുപത്രിയെ മോശമാക്കി പത്ര വാർത്ത നൽകുക, ഭരണ സംവിധാനത്തെ വെല്ലുവിളിക്കുക,

ജീവനക്കാരോട് മോശമായി പെരുമാറുക, ഓ.പി. സമയങ്ങളിൽ കൃത്യമായി സേവനം നൽകാതിരിക്കുക, എന്നിങ്ങനെ നിരവധി പരാതികൾ അപേക്ഷകനെതിരെ നിലവിൽ ഉണ്ടെന്നും ടിയാൻ വീണ്ടും പത്ര മാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും കൊല്ലം ജില്ലാ ആശുപത്രിയുടെ പ്രവർത്തനത്തെയും അതിന്റെ യശ്ശസ്സിനെയും ബാധിക്കുന്ന തരത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണെന്നും ആയതിനാൽ 24 വർഷത്തോളമായി കൊല്ലം ജില്ലാ ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.ബിജി.എസ്.ആനന്ദിനെ സ്ഥലം മാറ്റണമെന്നും ആവശ്യപ്പെട്ട് കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയ്ക്ക് പരാതി സമർപ്പിച്ചിരുന്നതായും, ടിയാൻ ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുകയും അഡ്മിനിസ്ട്രേഷൻ വിഭാഗത്തിലുള്ളവരെ നിരന്തരം മാനസികമായി പീഡിപ്പിക്കുകയും ചെയ്യുന്ന ആളാണെന്നും മേലുദ്യോഗസ്ഥരെ ധിക്കരിക്കുക, നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുക, ഡ്യൂട്ടിയിൽ വീഴ്ച വരുത്തുക എന്നീ നടപടികൾ ഇപ്പോഴും തുടരുന്നു എന്നും ആശുപത്രിയെ ഉപയോഗപ്പെടുത്തി ആശുപത്രിയ്ക്ക് സമീപത്തുള്ള വാടക കെട്ടിടത്തിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതിനാണ് അപേക്ഷകൻ കൊല്ലം ജില്ലാ ആശുപത്രിയിൽ തന്നെ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതെന്നും ആയതിനാൽ ഡോ.ബിജി.എസ്.ആനന്ദിന് തുടർന്നും കൊല്ലം ജില്ലാ ആശുപത്രിയിൽ തന്നെ നിയമനം നല്കരുതെന്ന് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ ശിപാർശ ചെയ്തിരുന്നതായും, 12 വർഷത്തോളമായി കൊല്ലം ജില്ലാ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളതിനാലും ടിയാൻ പൊതുജന താൽപര്യത്തിന് വിരുദ്ധമായും സർക്കാരിന്റെ യശസ്സിനെ ബാധിക്കുന്ന വിധത്തിലും പെരുമാറുന്നതിനാലും കൊല്ലം ജില്ലാ ആശുപത്രിയിൽ നിയമനം നല്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ നിരസിക്കാവുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ പരാമർശം (3) കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തു.

4) കൊല്ലം ജില്ലാ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.ബിജി.എസ്.ആനന്ദിനെതിരെ ഡ്യൂട്ടിക്ക് സമയത്തിന് ഹാജരാകാതിരിക്കുക, ആശുപത്രിയെ മോശമാക്കി പത്ര വാർത്ത നൽകുക, ഭരണ സംവിധാനത്തെ വെല്ലുവിളിക്കുക, ജീവനക്കാരോട് മോശമായി പെരുമാറുക, ഒ.പി. സമയങ്ങളിൽ കൃത്യമായി സേവനം നൽകാതിരിക്കുക, എന്നിങ്ങനെ നിരവധി പരാതികൾ നിലവിൽ ഉണ്ടെന്നും ടിയാൻ വീണ്ടും പത്രമാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും കൊല്ലം ജില്ലാ ആശുപത്രിയുടെ പ്രർത്തനത്തെയും അതിന്റെ യശ്ശസ്സിനെയും ബാധിക്കുന്ന

തരത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണെന്നും ആയതിനാൽ 24 വർഷത്തോളമായി കൊല്ലം ജില്ലാ ആശുപത്രിയിൽ ജോലി ചെയ്യുന്ന ടിയാനെ സ്ഥലം മാറ്റണമെന്നും ആവശ്യപ്പെട്ട് കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബഹു:ആരോഗ്യ വകുപ്പ് മന്ത്രിക്ക് പരാതി സമർപ്പിച്ചിരുന്നതായും, മെഡിക്കൽ ഓഫീസർ ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുകയും അഡ്മിനിസ്ട്രേഷൻ വിഭാഗത്തിലുള്ളവരെ നിരന്തരം മാനസികമായി പീഡിപ്പിക്കുകയും ചെയ്യുന്ന ആളാണെന്നും മേലുദ്യോഗസ്ഥരെ ധിക്കരിക്കുക, നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുക, ഡ്യൂട്ടിയിൽ വീഴ്ച വരുത്തുക എന്നീ നടപടികൾ ഇപ്പോഴും തുടരുന്നു എന്നും ആശുപത്രിയെ ഉപയോഗപ്പെടുത്തി ആശുപത്രിയ്ക്ക് സമീപത്തുള്ള വാടക കെട്ടിടത്തിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതിന് വേണ്ടിയാണ് ടിയാൻ കൊല്ലം ജില്ലാ ആശുപത്രിയിൽ തന്നെ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതെന്നും ആയതിനാൽ ഡോ.ബിജി എസ്. ആനന്ദിന് തുടർന്നും കൊല്ലം ജില്ലാ ആശുപത്രിയിൽ തന്നെ നിയമനം നൽകരുതെന്ന് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ ശിപാർശ ചെയ്തിട്ടുള്ളതായും പ്രസ്തുത വിഷയങ്ങൾ കണക്കിലെടുത്ത് ഡോ.ബിജി എസ്. ആനന്ദിനെ എറണാകുളം ജനറൽ ആശുപത്രിയിൽ നിലവിലുള്ള ജനറൽ മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടന്റിന്റെ ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനും ആവഡ 05.06.2024-ലെ ഇ.ബി1-9800/2024/ആ.വ.ഡ നമ്പർ കത്ത് പ്രകാരം സർക്കാരിൽ ശിപാർശ ചെയ്തിരുന്നു. സർക്കാർ ടി വിഷയം പരിശോധിക്കുകയും, സ.ഉ. (സാധാ) നം. 1634/2024/ആകുവ തീയതി 08.07.2024 പ്രകാരം ടിയാനെ എറണാകുളം ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റുകയും ചെയ്തു.

5) കൂടാതെ, കൊല്ലം ജില്ലാ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.ബിജി എസ്.ആനന്ദ് മാനസികമായി പീഡിപ്പിക്കുന്നതായി ടി ആശുപത്രിയിലെ ഡെപ്യൂട്ടി സൂപ്രണ്ട് ഡോ.അജിത.വി. പരാതി സമർപ്പിക്കുകയും, പരാതിയുടെ അടിസ്ഥാനത്തിൽ ഡോ.ബിജി എസ്. ആനന്ദിനെയും പരാതിക്കാരിയെയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ സാന്നിധ്യത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (എ&റ്റി) നേരിൽ കേൾക്കുകയും, ഡോ.ബിജി എസ്. ആനന്ദിന്റെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടുള്ളതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടിരുന്നുവെന്ന് കണ്ടെത്തിയതിനാൽ ടിയാൾക്കെതിരെ കടുത്ത ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ 15.05.2024-ലെ ഇ.സി.2-24106/2023/ആ.വ.ഡ. നമ്പർ കത്ത് പ്രകാരം സർക്കാരിൽ ശിപാർശ ചെയ്തിരുന്നു. ഇതു കൂടാതെ കൊല്ലം ജില്ലാ ആശുപത്രിയിൽ സൂപ്രണ്ട് ആയിരുന്ന

ഡോ.വസന്തദാസും ഡോ.ബിജി എസ്. ആനന്ദിനെതിരെ നിരവധി പരാതികൾ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറിനും, ആരോഗ്യ വകുപ്പ് ഡയറക്ടർക്കും സമർപ്പിച്ചിരുന്നു. ഈ വിഷയങ്ങളിന്മേലുള്ള അന്വേഷണ റിപ്പോർട്ടുകൾ പരിശോധിച്ചതിനു ശേഷം സർക്കാർ ഡോ.ബിജി എസ്.ആനന്ദിനെതിരെ 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും, 18.11.2024 തീയതിയായി എ2/375/2024/ആകുവ നമ്പർ കുറ്റാരോപണ മെമ്മോ/കുറ്റാരോപണ പത്രിക നൽകുകയും ചെയ്തിരുന്നു.

6) സർക്കാർ ഈ വിഷയങ്ങൾ വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) കത്തിൽ നൽകിയ റിപ്പോർട്ടും ഡോ.ബിജി.എസ്. ആനന്ദിനെതിരെ സർക്കാരിൽ സ്വീകരിച്ചു വരുന്ന അച്ചടക്ക നടപടിയും കണക്കിലെടുത്ത്, കൊല്ലം ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്നുള്ള ഡോ.ബിജി.എസ്.ആനന്ദിന്റെ പരാമർശം (1) Annexure-A9 അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

7) OA (EKM) No.1244/2024 മേലുള്ള ബഹു:ട്രിബ്യൂണലിന്റെ 24.10.2024-ലെ ഇടക്കാല ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്തുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം/എറണാകുളം
ഡോ.ബിജി എസ്.ആനന്ദ്, സീനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ), VRA Nagar-96, വടക്കുംഭാഗം, കൊല്ലം - 691 584.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ (എ2/441/2024/ആകുവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Anupama G Nair
Date: 15-01-2025 14:27:20

**മേലെഴുത്തു നം. ഇ.ബി1 -21631/2024/ആ.വ.ഡ തീയതി 16-01-2025**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 16-01-2025 07:21:51

ആരോഗ്യ വകുപ്പ് ഡയറക്ടർ